# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1054

## പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | ഈ പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക ഘട്ടം നടപ്പിലാക്കുന്നതിന് വേണ്ടി 83 കോടി രൂപയുടെ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി കൈമാറിക്കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ ഭാഗമായി സംപ്പും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെൻറ് സ്ഥലവും, ഉപരിതലജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെൻറ് സ്ഥലവും ലഭ്യമാക്കുന്നതിനായി കരവാരം പഞ്ചായത്തിലേയ്ക്കും; ഉപരിതല ജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെൻറ് സ്ഥലവും, വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെൻറ് സ്ഥലവും ലഭ്യമാക്കുന്നതിനായി നഗരൂർ പഞ്ചായത്തിലേയ്ക്കും കേരള |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | വാട്ടർ അതോറിറ്റി കത്തുകൾ നൽകിയിട്ടുണ്ട്. കൂടാതെ ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് കടൽകാണിപ്പാറയിൽ 15 സെൻറ് സ്ഥലം ലഭ്യമാക്കുന്നതിനായി പുളിമാത്ത് പഞ്ചായത്തിലേയ്ക്കും, കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെൻറ് സ്ഥലം ലഭ്യമാക്കുന്നതിനായി വാമനപുരം പഞ്ചായത്തിലേയ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് ഭൂമി കൈമാറി കിട്ടിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**